# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 860 28.9.2011-ൽ മറുപടിയ്ക്ക്.

### ചിതറ, മടത്തറ എന്നീ സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഹോസ്റ്റൽ നിർമ്മിക്കാൻ നടപടി

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ.

**ഉത്തരം**

കുമാരി. പി. കെ. ജയലക്ഷ്മി,
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ച ബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | ചടയമംഗലം നിയോജക മണ്ഡലത്തിന്റെ ഭാഗവും കൊല്ലം ജില്ലയിൽപ്പെടുന്നതുമായ ചിതറ, മടത്തറ തുടങ്ങിയ പ്രദേശങ്ങളിൽ നിരവധി ദരിദ്രരായ പട്ടികവർഗ്ഗ വിഭാഗ ക്കാരുള്ളതിനാൽ ഇവരുടെ കുട്ടികൾക്ക് പ്രയോജനപ്പെടുന്നതിനുവേണ്ടി ഒരു പട്ടിക വർഗ്ഗ ഹോസ്റ്റൽ സ്ഥാപിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ഇല്ല. |
| ബി | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാവി സുര ക്ഷിതമാക്കുന്നതിനു വേണ്ടി ചിതറ ഗ്രാമപ ഞ്ചായത്തതിർത്തിയിൽ ഒരു പട്ടികവർഗ്ഗ ഹോസ്റ്റൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി | കൊല്ലം ജില്ലയിൽ ചടയമംഗലം നിയോജകമണ്ഡ ലത്തിൽപ്പെട്ട ചിതറ ഗ്രാമപഞ്ചായത്തിലെ കൊച്ചരിപ്പ, അരിപ്പ, വഞ്ചിയോട് എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളാണുള്ളത്. ഇവിടെയുള്ള പട്ടികവർഗ്ഗ പെൺകുട്ടികൾക്കു താമസിച്ചു പഠിക്കുന്നതിനു കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ വില്ലുമലയിൽ ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നു. ടി പ്രദേശത്തെ ആൺകുട്ടികൾക്ക് താമസിച്ച് പഠിക്കാനാകും വിധം ആൺകുട്ടികളുടെ പ്രീ-മെട്രിക് ഹോസ്റ്റൽ കൊല്ലത്തുള്ള അമൃതകുളത്തും തെന്മല ഗ്രാമപഞ്ചായത്തിലെ ഉറുകുന്നിലും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ പരാമർശിത സങ്കേതങ്ങളുടെ തൊട്ടടുത്തായി, 5 മുതൽ 10 വരെ ക്ളാസ്സുകളുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിനായി കെട്ടിട നിർമ്മാണം നടന്നുവരുന്നുണ്ട്. അതിനാൽ പുതിയ പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ